**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **11.11.2019-ൽ മറുപടിക്ക്**

**നമ്പർ.3675**

<u>പി.എസ്.സി. പരീക്ഷയിലെ നിബന്ധനകൾ</u>

**ചോദ്യം** **ഉത്തരം**

**ശ്രീ.** എൽദോസ് പി. കുന്നപ്പിള്ളിൽ

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസിലെ പ്രതികൾ നടത്തിയ പരീക്ഷാ തട്ടിപ്പിലൂടെ പി.എസ്.സിയുടെ പ്രതിച്ഛായ കളങ്കപ്പെട്ടു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നടന്ന പരീക്ഷയിൽ ചിലർ ക്രമക്കേട് നടത്തി എന്നത് ബോദ്ധ്യപ്പെട്ടതിനാൽ ഈ വിഷയം ക്രൈംബ്രാഞ്ച് അന്വേഷിച്ചു വരുന്നു. കൂടാതെ ആരോപണ വിധേയരായ ഉദ്യോഗാർത്ഥികളെ റാങ്ക് പട്ടികയിൽ നിന്നും സ്ഥിരമായി വിലക്കുവാനും ഇവരുടെ പ്രൊഫൈലുകൾ നിർജ്ജീവമാക്കുവാനും പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം പി.എസ്.സി പരീക്ഷകൾ കൂടുതൽ കുറ്റമറ്റ രീതിയിലും സുതാര്യമായും നടപ്പിലാക്കുന്നതിനായി പരീക്ഷാ കേന്ദ്രത്തിൽ മൊബൈൽ ഫോൺ, ബ്ലൂടൂത്ത് ഉൾപ്പെടെയുള്ള വിവര വിനിമയ ഉപകരണങ്ങൾ കർശനമായി നിരോധിച്ചു കൊണ്ട് പി.എസ്.സി. മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. തുടർന്നുവന്ന പരീക്ഷകളിൽ ആയത് ഫലപ്രദമായി നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സാങ്കേതികവിദ്യ വളരുന്നതനുസരിച്ച് തട്ടിപ്പിന്റെ സാങ്കേതികവിദ്യയും വളരുന്ന കാലഘട്ടത്തിൽ പരീക്ഷ നടത്തിപ്പ് സംബന്ധിച്ച് പി.എസ്.സി. പുറപ്പെടുവിച്ച നിബന്ധനകൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോയെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ